# കേരളം ആധുനികതയിലേക്ക്

1. **ഈസ്റ്റ് ഇന്ത്യ കമ്പനി കേരളത്തിൽ ആധിപത്യം ഉറപ്പിക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാം?**

   * ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ പ്രതിനിധി കേരളത്തിലെത്തുകയും സാമൂതിരിയുമായി വ്യാപാര ഉടമ്പടി ഒപ്പുവെക്കുകയും ചെയ്തു.
   * വിഴിഞ്ഞത്തും തലശ്ശേരിയിലും അഞ്ചുതെങ്ങിലും പാണ്ടികശാലകൾക്ക് കമ്പനി അനുമതി കരസ്ഥമാക്കി.
   * ആറ്റിങ്ങൽ റാണിയിൽ നിന്ന് അഞ്ചുതെങ്ങിൽ കോട്ട പണിയാൻ കമ്പനി അനുമതി നേടി.
   * മൈസൂർ ഭരണാധികാരിയുമായി ഒപ്പിട്ട ശ്രീരംഗപട്ടണം സന്ധി പ്രകാരം മലബാർ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.
   * 1792 ൽ കൊച്ചി ബ്രിട്ടീഷ് മേൽകോയ്മ അംഗീകരിച്ചു
   *1795 ൽ തിരുവിതാംകൂർ ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു.

2. **കേരളത്തിൽ ബ്രിട്ടീഷുകാർക്ക് നേരിടേണ്ടി വന്ന ആദ്യകാല ചെറുത്തു നിൽപുകൾ ഏതെല്ലാം?**

അല്ലെങ്കിൽ

**ബ്രിട്ടീഷുകാർക്കെതിരെ പോരാടിയവരിൽ ശ്രദ്ധേയരായിരുന്നു പഴശ്ശിയും വേലുതമ്പിദളവയും . ഈ പ്രസ്ഥാവന വിലയിരുത്തുക?**

* <u>പഴശ്ശികലാപം</u>

ബ്രിട്ടീഷുകാർക്കെതിരെ മലബാറിൽ ശക്തമായ ചെറുത്തു നിൽപ് നടത്തിയത് കേരളവർമ പഴശ്ശിരാജയാണ്. മൈസൂരിനെതിരായ പോരാട്ടത്തിൽ ബ്രിട്ടീഷുകാരെ പഴശ്ശി സഹായിച്ചുവെങ്കിലും കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അവകാശം ബ്രിട്ടീഷുകാർ പഴശ്ശിക്ക് നൽകിയില്ല. മാത്രമല്ല വയനാടിന്മേൽ ബ്രിട്ടീഷുകാർ അവകാശം ഉന്നയിക്കുകയും ചെയ്തു. ഇതിനെതിരെ പഴശ്ശിരാജ പോരാട്ടം നടത്തി. ചെമ്പൻ പോക്കർ, കൈതേരി അമ്പു, തലക്കൽ ചന്തു എന്നിവരുടെ സഹായത്താൽ പഴശ്ശി ഒളിപ്പോർ യുദ്ധം നടത്തി.

* <u>വേലുത്തമ്പി ദളവ, പാലിയത്തച്ചൻ</u>

തിരുവിതാം കൂറിലേയും കൊച്ചിയിലേയും അഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷുകാർ ഇടപെട്ടതിനെതിരെ പ്രതികരിച്ചവരായിരുന്നു വേലുത്തമ്പിയും പാലിയത്തച്ചനും. 1809 ൽ നടത്തിയ കുണ്ടറവിളംബരത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ വേലുത്തമ്പി ആഹ്വാനം ചെയ്തു. തിരുവിതാംകൂർ, കൊച്ചിസൈന്യം ബ്രിട്ടീഷു റസിഡന്റിന്റെ വീട് ആക്രമിച്ചുവെങ്കിലും ബ്രിട്ടീഷുകാർക്ക് മുന്നിൽ പിടിച്ച് നിൽക്കാനായില്ല. പിടിക്കപ്പെടുമെന്നുറപ്പായപ്പോൾ വേലുത്തമ്പി ആത്മഹത്യ ചെയ്തു. പിടിക്കപ്പെട്ട പാലിയത്തച്ചനെ മദ്രാസിലേക്ക് നാടുകടത്തി.

**3. ബ്രിട്ടീഷ് ഭരണത്തിൽ കേരളം ലോക കമ്പോളത്തിന്റെ ഭാഗമായി മാറിയ തെങ്ങനെ?**

* ഭരണം ഏറ്റെടുത്ത ബ്രിട്ടീഷുകാർ കേരളത്തിലെ ഉൽപന്നങ്ങൾ കുറഞ്ഞ വിലക്ക് കൈക്കലാക്കി.

* പകരം യൂറോപ്യൻ ഉൽപന്നങ്ങൾ ഉയർന്ന വിലക്ക് കേരളത്തിൽ വിറ്റഴിച്ചു.

* സ്വയം പര്യപ്തമായിരുന്ന നമ്മുടെ സമ്പദ് വ്യവസ്ഥ തകർന്നു.

* തൽസ്ഥാനത്ത് വിദേശ വ്യാപാരം വർധിക്കുകയും കേരളം ലോകകമ്പോളത്തിന്റെ ഭാഗമാവുകയും ചെയ്തു.

**4. വ്യാപാരം തങ്ങൾക്ക് അനുകൂലമാക്കാൻ ബ്രിട്ടീഷുകാർ കൈകൊണ്ട നടപടികൾ എന്തെല്ലാം?**

* മലബാറിലും തിരുവിതാം കൂറിലും കൊച്ചിയിലും നിലനിന്നിരുന്ന വ്യാപാര നിയങ്ങൾ തങ്ങൾക്കനുകൂലമായി ഭേതഗതി ചെയ്തു.

* ഏകീകൃത നാണ്യവ്യവസ്ഥയും അളവു തൂക്ക സമ്പ്രദായവും നടപ്പിലാക്കി.

* ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും റോഡുകളും പാലങ്ങളും നിർമ്മിക്കുകയും ചെയ്തു.

* ചരക്കു ഗതാഗതം സുഖമമാക്കാൻ തുറമുഖങ്ങൾ വികസിപ്പിച്ചു.

**5. ബ്രിട്ടീഷുഭരണം കേരളത്തിലെ ഭൂഉടമസ്ഥതയിൽ വരുത്തിയ മാറ്റങ്ങളും അവ യുടെ അനന്തരഫലങ്ങളും എന്തെല്ലാം?**

* ബ്രിട്ടീഷുഭരണം കരളത്തിലെ ഭൂമിയുടെ അവകാശങ്ങളിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി. നാടുവാഴികളയും ജൻമിമാരെയും ഭൂ ഉടമകളായി കണക്കാക്കി അവർ ബ്രിട്ടീഷുകാർക്ക് നൽകേണ്ട നികുതി മുൻകൂട്ടി നിശ്ചയിച്ചു. ഇതിനാൽ പല ജൻമി മാരും കുടിയാൻമാരിൽ നിന്ന് വൻതോതിൽ നികുതി പിരിക്കുകയും കുടിയൊഴിപ്പി ക്കുകയും ചെയ്തു. ഇത് മലബാറിൽ കർഷകരുടെ ജീവിതം ദുസ്സഹമാക്കി.

തിരുവിതാം കൂറിൽ മാർത്താണ്ഡവർമ്മയുടെ കാലത്ത് എല്ലാതരം ഭൂമികളും പണ്ടാരംവക ഭൂമിയാക്കി മാറ്റി. പണ്ടാരംവക ഭൂമിയിലെ കുടിയാൻമാർക്ക് അവർ കൃഷിചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം നൽകിക്കൊണ്ട് പണ്ടാര പാട്ടവിളംബരം നടത്തുകയും ചെയ്തു. തുടർന്ന് ജൻമി കുടിയാൻ വിളംബരത്തിലൂടെയും കുടി യാൻമാർക്ക് ഭൂമി ലഭിച്ചു. എന്നാൽ ഭൂമിക്ക് വൻതോതിലുള്ള നികുതി അടക്കേണ്ടി വന്ന കുടിയാൻമാർ നികുതി ഭാരം കൊണ്ട് പൊറുതിമുട്ടി.

**6. ബ്രിട്ടീഷു ഭരണത്തൽ കേരളത്തിലെ കാർഷിക മേഖലയിൽ വാണിജ്യ വൽക രണത്തിന്റെ ഭാഗമായി ഉണ്ടായ പ്രധാന മാറ്റങ്ങൾ എന്തെല്ലാം?**

* വിപണി ലക്ഷ്യമാക്കിയുള്ള കൃഷിയെ ബ്രിട്ടീഷുകാർ പ്രോത്സാഹിപ്പിച്ചു.

നെല്ലിന് പകരമായി തെങ്ങ് വൻതോതിൽ കൃഷി ചെയ്തു. നെല്ലുൽപാദനം കുറഞ്ഞതോടെ ഭക്ഷ്യക്ഷാമം രൂക്ഷമായി. ഇതോടെ മരച്ചീനി കൃഷി വ്യാപകമായി. മലയോര മേഖലകളിൽ കാപ്പി, തേയില, റബർ, ഏലം എന്നിവയുടെ തോട്ടം കൃഷി വ്യാപകമായി. നിലമ്പൂരിൽ തേക്കുതോട്ടം ആരംഭിച്ചു.

**7. ബ്രിട്ടീഷ് ഭരണം തോട്ടവ്യവസായത്തിന്റെയും പരമ്പരാഗത വ്യവസായങ്ങളുടെയും വളർച്ചക്ക് കാരണമായത് എങ്ങിനെ?**

* തോട്ടവിളകളുടെ സംസ്കാരത്തിനായി മലയോരമേഖലകളിൽ ബ്രിട്ടീഷ് മൂലധനത്തിന്റെ സഹായത്തോടെ ഫാക്ടറികൾ ആരംഭിച്ചു.

* നാളികേരം, കയർ, കശുവണ്ടി, കൈത്തറി, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളും ഇക്കാലത്ത് വളർന്നു വന്നു.

* ഡീസൽ എഞ്ചിൻ കൊണ്ട് പ്രവർത്തിക്കുന്ന എണ്ണയാട്ടുമില്ലുകൾ വ്യാപകമായി.

* ആലപ്പുഴ കേന്ദ്രമായി കയർഫാക്ടറി സ്ഥാപിച്ചു.

* കശുവണ്ടി ഫാക്ടറികൾ കൊല്ലം കേന്ദ്രമായി വളർന്നു വന്നു.

* ഫറോക്ക്, കൊല്ലം, ഒല്ലൂർ എന്നിവിടങ്ങളിൽ ഓടു ഫാക്ടറികൾ ആരംഭിച്ചു.

* കോഴിക്കോടും കണ്ണൂരും കൈത്തറി നിർമ്മാണ ശാലകൾ ആരംഭിച്ചു.

* കണ്ണൂർ കേന്ദ്രമായി ബീഡി കമ്പനികൾ വളർന്നു വന്നു.

**8. ബ്രിട്ടീഷുകാരുടെ വരവ് കേരളത്തിൽ അച്ചടി പ്രചാരം നേടുന്നതിന് സഹായകമായി. വിലയിരുത്തുക?**

* യൂറോപ്യരുടെ വരവോടെയാണ് കേരളത്തിൽ അച്ചടി ആരംഭിച്ചത്.

* മലയാള ഭാഷയിൽ വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുവും തയ്യാറാക്കപ്പെട്ടു.

* ഡോ. ആഞ്ചലോസ് ഫ്രാൻസിസ് ആണ് മലയാളത്തിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥം തയ്യാറാക്കിയത്.

* അർണോസ് പാതിരിയാണ് മലയാളത്തിലെ ആദ്യത്തെ നിഘണ്ടുവും തയ്യാറാക്കിയത്.

* സംക്ഷേപ വേദാർഥമാണ് മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച ഗ്രന്ഥം.

* ബെഞ്ചമിൻ ബെയ്‌ലി ഇംഗ്ലീഷ് മലയാളം നിഘണ്ടുവും തയ്യാറാക്കി. ഹെർമൻ ഗുണ്ടർട്ട് ആരംഭിച്ച പത്രങ്ങളാണ് രാജ്യസമാചാരം, പശ്ചിമോദയം എന്നിവ.

**9. ബ്രിട്ടീഷുകാരുടെ ഇടപെടൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?**

അല്ലെങ്കിൽ

**കേരളത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച മിഷനറി സംഘങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും വിലയിരുത്തുക?**

* ജാതി ഭേതമന്യേ എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയത്തിന് തുടക്കം കുറിച്ചത് മിഷനറി സംഘങ്ങളാണ്.

* വിദ്യാലയങ്ങൾ ആരംഭിക്കാൻ മിഷനറിമാർക്ക് തിരുവിതാംകൂർ , കൊച്ചി രാജാക്കൻമാർ ഭൂമി ദാനമായി നൽകി.

* ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി, ബാസൽ ഇവാഞ്ചലിക്കൽ മിഷൻ സൊസൈറ്റി എന്നിവയാണ് കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മിഷനറി സംഘങ്ങൾ.

* ഡോ. ബർണഡീൽ ബച്ചിനെല്ലി, റവറന്റ് മീഡ്, റവറന്റ് ഹബീക്ക് എന്നിവർ കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

* ഇവരുടെ നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥപിച്ചു.

* ഇതിനെ തുടർന്ന് തിരുവിതാംകൂർ, കൊച്ചി രാജാക്കൻമാർ നിരവധി സ്കൂളുകളും കോളേജുകളും സ്ഥാപിച്ചു.

* തിരുവിതാംകൂർ ഭരണാധികാരി ഗൗരിപാർവതി ഭായി വിദ്യാഭ്യാസം സൗജന്യമാക്കി പ്രഖ്യാപിച്ചു.

**10. ബ്രിട്ടീഷു ഭരണം കേരളത്തിന്റെ സാംസ്കാരിക മേഖലയിൽ ചെലുത്തിയ സ്വാധീനം വിലയിരുത്തുക?**

* കേരളത്തിൽ അച്ചടി പ്രചാരത്തിൽ വരികയും ധാരാളം ഗ്രന്ഥങ്ങൾ അച്ചടിക്കപ്പെടുകയും ചെയ്തു.

* വിദ്യാഭ്യാസ രംഗത്ത് നിരവധി വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലും വിദ്യാഭ്യാസം ജനകീയമാക്കുന്നതിനും മിഷനറി സംഘങ്ങളുടെ പ്രവർത്തനങ്ങൾ സഹായകമായി.

* കേരളത്തിലെ നീതിന്യായ വ്യവസ്ഥയെ ബ്രിട്ടീഷുകാർ പരിഷ്കരിച്ചു. ജാതിക്കതീതമായി എല്ലാവരും നിയമത്തിന് മുന്നിൽ തുല്യരായി.

* പരമ്പരാഗത ആയുർവേദ ചികിത്സയുടെ സ്ഥാനത്ത് അലോപ്പതി പ്രചാരം നേടി.

* ആധുനിക ചികിത്സാ രീതികൾ വ്യാപകമാവുകയും സർക്കാർ ആശുപത്രികൾ ആരംഭിക്കുകയും ചെയ്തു.

* പരമ്പരാഗത ദായക്രമമായ മരുമക്കത്തായം ഇല്ലാതാകകുയും മക്കത്തായത്തിന് പ്രാധാന്യം ലഭിക്കുകയും ചെയ്തു.

* തറവാട്, കൂട്ടുകുടുംബം എന്നിവയുടെ തകർച്ചക്ക് കാരണമായി.

* വിഭവ ചൂഷണമാണ് ലക്ഷ്യമെങ്കിലും ഇത്തരം നടപടികൾ കേരളീയ സമൂഹ ത്തിന്റെ ആധുനീകരണത്തിന് സഹായകമായി.

**11.19ാം നൂറ്റാണ്ടിൽ കേരളത്തിന്റെ സമൂഹികാവസ്ഥ എപ്രകാരമായിരുന്നുവെന്ന് വിലയിരുത്തുക?**

* ജാതി വ്യവസ്ഥയുടെ കാർക്കശ്യം കേരളത്തിൽ ശക്തമായിരുന്നു.

* താഴ്ന്ന ജാതിക്കാരെ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായാണ് കണക്കാക്കിയിരുന്നത്.

* വ്യക്തിയുടെ സമൂഹത്തിലെ പദവി കണക്കാക്കിയിരുന്നത് ജാതിയെ അടിസ്ഥാനമാക്കിയായിരുന്നു.

* എല്ലാ ജാതികളിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്നു.

**12. കേരള സമൂഹത്തിലെ അസമത്വങ്ങളും അനാചാരങ്ങളും ഇല്ലാതാക്കാൻ വേണ്ടി നിലവിൽ വന്ന പരിഷ്കരണ പ്രസ്ഥാനങ്ങൾ എന്തെല്ലാം?**

* ടെക്സ്റ്റ് ബുക്കിലെ 134 ാം പേജിലെ പട്ടിക.

13. കേരളത്തിലെ സാമൂഹ്യ മാറ്റത്തിൽ ശ്രീനാരായണ ഗുരുവിന്റെ പങ്ക് വിശദമാക്കുക?

* ഈഴവ വിഭാഗത്തത്തിന്റെ ഉന്നമനത്തിനായി പ്രയത്നിച്ച പരിഷ്കർത്താവാണ് ശ്രീനാരായണ ഗുരു.

* 1888 ൽ അരുവി പുറത്ത് നടത്തിയ ശിവ പ്രതിഷ്ഠയിലൂടെ ക്ഷേത്ര കർമ്മവും പൂജകളും ചെയ്യാനുള്ള അവകാശം അവർണ സമുദായത്തിൽ പെട്ടവർക്കും ലഭിച്ചു.

* വിജ്ഞാനത്തിന് പ്രാധാന്യം നൽകിയ ഗുരു ക്ഷേത്രങ്ങളുടെ ഭാഗമായി വിദ്യാലയങ്ങളും വായന ശാലകളും സ്ഥാപിച്ചു.

* വിദ്യകൊണ്ട് പ്രബുദ്ധരാകാനും സംഘടന കൊണ്ട് ശക്തരാവാനും ഗുരു (SNDP)ആഹ്വാനം നൽകി.

* ഈഴവ വിഭാഗത്തിന്റെ ഉന്നമനത്തിനായി ശ്രീനാരായണ ധർമ്മ പരിപാലന യോഗം സ്ഥാപിച്ചു.

**14. ഉദാത്തമായ മനുഷ്യസ്നേഹത്തിലും സർവമത സാഹോദര്യത്തിലും അധിഷ്ഠിതമായിരുന്നു ഗുരുവിന്റെ സന്ദേശങ്ങളും പ്രവർത്തനങ്ങളും , ഈ പ്രസ്താവന വിലയിരുത്തുക?**

* ചോദ്യ നമ്പർ 13ന്റെ ഉത്തരം പഠിക്കുക.

**15. സഞ്ചാര സ്വാതന്ത്ര്യത്തിനും ആരാധനാ സ്വാതന്ത്ര്യത്തിനും വേണ്ടി കരളത്തിൽ നടന്ന സമരങ്ങൾ ഏതെല്ലാം?**

* വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം

<u>വൈക്കം സത്യാഗ്രഹം.</u>

സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന സമരങ്ങളിൽ പ്രധാനപ്പെട്ട താണ് വൈക്കം സത്യാഗ്രഹം. ടി.കെ മാധവന്റെ നേതൃത്വത്തിലാണ് സമരം നടന്നത്. സമരത്തെ തുടർന്ന് വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള പൊതുനിരത്തിലൂടെയാത്ര ചെയ്യാൻ അവർണ ജാതിക്കാർക്ക് അനുവാദം ലഭിച്ചു.

<u>ഗുരുവായൂർ സത്യാഗ്രഹം</u>

ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ വിഭാഗം ഹിന്ദുക്കൾക്കും പ്രവേശനം അനുവദി ക്കമണമെന്ന് ആവശ്യപ്പെട്ട് കെ.കേളപ്പന്റെ നേതൃത്വത്തിലാണ് സമരം നടന്നത്. എ. കെ.ഗോപാലനായിരുന്നു വളണ്ടിയർ ക്യാപ്റ്റൻ. സമര നേതാവായിരുന്ന പി.കൃഷ്ണ പ്പിള്ളക്ക് സമരത്തിൽ സവർണ ഹിന്ദുക്കളുടെ മർദ്ദനമേറ്റു. ജനകീയ സമരങ്ങളുടെ ഫലമായി 1936 ൽ തിരുവിതാം കൂറിൽ ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ചു. ഇതോടെ എല്ലാ വിഭാഗം ഹിന്ദുക്കൾക്കും ക്ഷേത്ര പ്രവേശനത്തിന് അനുമതി ലഭിച്ചു.

**16. മലബാറിൽ ദേശീയ പ്രസ്ഥാനത്തിന് നതൃത്വം നൽകിയവർ ആരെല്ലാം ? മല ബാറിലെ ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിവരിക്കുക?**

* കെ.പി. കേശവമേനോൻ, കെ.പി. രാമൻ മേനോൻ മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ്, കെ. മാധവൻ നായർ, ഇ. മൊയ്തു മൗലവി തുടങ്ങിയവർ.

ഖിലാഫത്ത് സമരകാലത്ത് ദേശീയ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും മല ബാറിൽ യോജിച്ച് പ്രവർത്തിച്ചു. അതിന്റെ ഭാഗമായി മലബാറിൽ പലയിടത്തും ബ്രിട്ടീഷുകാരുമായി നേരിട്ടുള്ള ഏറ്റുമുട്ടലുകൾ ഉണ്ടായി.

1930 കളിൽ നിയമ ലംഘന പ്രസ്ഥാനം ശക്തമായി. കെ.കേളപ്പന്റെ നേതൃത്വ ത്തിൽ പയ്യന്നൂരും മുഹമ്മദ് അബ്ദു റഹിമാൻ സാഹിബിന്റെ നേതൃത്വത്തിൽ കോഴി ക്കോടും ഉപ്പു നിയമം ലംഘിച്ച് ഉപ്പുണ്ടാക്കി. വിദശ വസ്തു ബഹിഷ്കരണവും മദ്യ ഷാപ്പ് പിക്കറ്റിങ്ങും ഖാദി പ്രചാരണവും നടന്നു.

ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ കാലത്തും കേരളത്തിൽ ശക്തമായ സമരങ്ങൾ നട ന്നു. സർക്കാർ കെട്ടിടങ്ങൾ നശിപ്പിക്കുക, പാലങ്ങൾ തയ്യാറാക്കുക, ടെലിഗ്രാഫ് കമ്പികൾ മുറിച്ചിടുക തുടങ്ങിയ പ്രവർത്തനങ്ങൾ മലബാറിലുണ്ടായി.

**17. തിരുവിതാം കൂറിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാം?**

* . തിരുവിതാം കൂറിൽ ദേശീയ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത് മലയാളി മെമ്മോറിയലിലൂടെയാണ്.

ഡോ.പൽപ്പുവിന്റെ നേതൃത്വത്തിൽ ഈഴവ മെമ്മോറിയലും ഈ കാലത്ത് മഹാരാ ജാവിന് സമർപ്പിച്ചു.

* തിരുവിതാംകൂർ ദിവാനെ വിമർശിച്ചതിന്റെ പേരിൽ സ്വദേശിഭിമാനി പത്രാധിപരായ രാമകൃഷ്ണപ്പിള്ളയെ നാടുകടത്തിയത് വലിയചലനങ്ങൾ ഉണ്ടാക്കി.

* സർക്കാർ സർവീസിൽ സംവരണം വേണമെന്ന് ആവശ്യപ്പെട്ട് മുസ്‌ലിം ക്രിസ്ത്യൻ ഈഴവ വിഭാഗക്കാർ നിവർത്തന പ്രക്ഷോഭം ആരംഭിച്ചു.

* 1938 ൽ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ തിരുവിതാം കൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപം കൊണ്ടു.

**18. കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ സ്ത്രീകൾ വലിയ സംഭാവനകൾ നൽകിയിരുന്നു. വിലയിരുത്തുക?**

അല്ലെങ്കിൽ

ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ സ്ത്രീകൾ വഹിച്ച പങ്ക് വിശദമാക്കുക?

* ഗാന്ധിജിയുടെ രംഗപ്രവേശനത്തോടെ സ്ത്രീകൾ വ്യാപകമായി ദേശീയ പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായി.

വിദേശ വസ്ത്ര ബഹിഷ്കരണം, മദ്യഷാപ്പ് പിക്കറ്റിങ്, അയിത്തോച്ചാടനം, ഖാദി പ്രചാരണം എന്നീ സമരങ്ങളിൽ സ്ത്രീ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

മലബാറിൽ എ.വി. കുട്ടിമാളു അമ്മയും തിരുവിതാം കൂറിൽ അക്കമ്മ ചെറിയാൻ, ആനി മസ്ക്രീൻ എന്നിവരും ദേശീയ സമരങ്ങൾക്ക് നേതൃത്വം നൽകിയത്.

**19. ഐക്യകേരളത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാം?**

* 1920 ലെ നാഗ്പൂർ സമ്മേളന തീരുമാനപ്രകാരം കേരളത്തിൽ ഭാഷാടിസ്ഥാനത്തിൽ പ്രദേശ് കോൺഗ്രസ് കമ്മറ്റി രൂപം കൊണ്ടു.

* പയ്യന്നൂർ കോൺഗ്രസ് സമ്മേളനത്തിൽ സ്വാതന്ത്ര്യാനന്തരം കേരളത്തെ പ്രത്യേക സംസ്ഥാനമായി പുനസംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

* 1947 ൽ തൃശൂരിൽ നടന്ന ഐക്യകേരള കൺവെൻഷനിലും ആലുവയിൽ ചേർന്ന ഐക്യകേരള സമ്മേളനത്തിലും ഐക്യകേരള പ്രമേയം പാസാക്കി.

* 1949 ൽ തിരു കൊച്ചി സംസ്ഥാനം രൂപീകരിക്കപ്പെട്ടു.

* ഭാഷാ സംസ്ഥാന രൂപീകരണത്തിനുള്ള പ്രക്ഷോഭങ്ങൾ ശക്തമായതിനെ തുടർന്ന് കേന്ദ്രഗവൺമെന്റ് സംസ്ഥാന പുനസംഘടനാ കമ്മീഷൻ രൂപീകരിക്കുകയും കമ്മീഷൻ ശുപാർശ പ്രകാരം മലബാർ, കൊച്ചി, തിരുവിതാംകൂർ പ്രദേങ്ങൾ ഉൾപെടുത്തി കേരള സംസ്ഥാനം 1956 നവംബർ 1ന് നിലവിൽ വന്നു.

**20. എന്താണ് ആറ്റിങ്ങൽ കലാപം?**

* ആറ്റിങ്ങൽ റാണിയുടെ അനുവാദത്തോടെ ബ്രിട്ടീഷുകാർ അഞ്ചുതെങ്ങിൽ കോട്ടപണിയുകയും സൈനിക കേന്ദ്രമായി മാറ്റുകയും ചെയ്തത് നാട്ടുകാരുടെ എതിർപ്പിന് കാണമായി. 1721 ൽ ആറ്റിങ്ങൽ റാണിക്ക് സമ്മാനവിമായി പോകുന്ന ഇംഗ്ലീഷു സംഘത്തെ നാട്ടുകാർ വധിച്ചു. ഇതാണ് ആറ്റിങ്ങൽ കലാപം.

**21. മാർത്താണ്ഡവർമ്മ ഡച്ചുകാരെ പരാജയപ്പെടുത്തിയ യുദ്ധം?**

* കുളച്ചൽ യുദ്ധം

**22. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം?**

* ആറ്റിങ്ങൽ കലാപം.

**23. 1615ൽ ഈസ്റ്റിന്ത്യാകമ്പനിയുടെ പ്രതിനിധിയായി സാമൂതിരിയെ സന്ദർശിച്ചതാര്?**

* വില്യം കീലിങ്

**24. മൈസൂർ ഭരണാധികാരികൾ ബ്രിട്ടീഷുകാരുമായി ഒപ്പിട്ട ഉടമ്പടി?**

* ശ്രീരംഗ പട്ടണം ഉടമ്പടി.

**25. ബ്രിട്ടീഷുകാർക്കെതിരെ  ചരിത്ര പ്രസിദ്ധമായ കുണ്ടറ വിളംബരം നടത്തിയതാര്?**

* വേലുത്തമ്പി ദളവ.

**26. തിരുവിതാംകൂറിലെ ഭൂബന്ധങ്ങളിൽ മാറ്റം വരുത്തിയ വിളംബരം ഏതാണ്?**

* പണ്ടാര പാട്ട വിളംബരം.

**27. നിലമ്പൂരിൽ വ്യാവസായികാടിസ്ഥാനത്തിൽ തേക്കുകൃഷി ആരംഭിച്ചതാര്?**

* കോനോലി പ്രഭു.

**28. മലയാളത്തിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥം തയ്യാറാക്കിയതാര്?**

* ആഞ്ചലോസ് ഫ്രാൻസിസ്.

**29. മലയാള ഭാഷയിലെ ആദ്യത്തെ നിഘണ്ടു തയ്യാറാക്കിയത് ആര്?**

* അർണോസ് പാതിരി.

**30.  മലയാളത്തിലെ അച്ചടിച്ച ആദ്യത്തെ ഗ്രന്ഥം?**

* സംക്ഷേപ വേദാർത്ഥം.

**31. പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച തിരുവിതാംകൂർ ഭരണാധികാരിയാര്?**

* ഗൗരി പാർവ്വതിഭായി.

| | | | | | | |
|---|---|---|---|---|---|---|
| 32. കുളച്ചൽ യുദ്ധം | - | മാർത്താണ്ഡ വർമ്മ | - | 1741 | | |
| ആറ്റിങ്ങൽ കലാപം | - | ബ്രിട്ടീഷുകാർ | - | 1721 | | |
| വൈക്കം സത്യാഗ്രഹം | - | ടി.കെ.മാധവൻ | - | 1924 | | |
| ഗുരുവായൂർ സത്യാഗ്രഹം | - | കെ. കേളപ്പൻ | - | എ.കെ ഗോപാലൻ | - | 1931 |